തൊഴിലും ഭവന നിർമ്മാണവും• വകുപ്പു മന്ത്രി (ശ്രീ. എം. കെ.രാഘവൻ): സർ, കോഴിക്കോട് കല്ലായി പ്രദേശത്തുള്ള 58 സാ മിൽ തൊഴിലാളികളും കഴിഞ്ഞ 16.12.1978 മുതൽ അവരുടെ ആവശ്യങ്ങളും വച്ചുകൊണ്ട് പണിമുടക്ക് ആരംഭിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അവർ ഉന്നയിച്ച മൂന്നു ആവശ്യങ്ങളും നേടിയെടുക്കാൻ വേണ്ടിയാണ് അവർ പണിമുടക്ക് ആരംഭിച്ചത്. അതിൽ പ്രധാനമായ അവരുടെ ആവശ്യം, കോൺട്രാക്റ്റു സമ്പ്രദായം അവസാനിപ്പിക്കുക എന്നുള്ളതാണ്. മറ്റൊന്ന് അവർ ആവശ്യപ്പെടുന്നത് ജോലി സ്ഥിരതയാണ്. മൂന്നാമത്തെ ആവശ്യം കൂലിക്കൂടുതൽ കൊടുക്കണമെന്നുള്ളതാണ്. അതിന്റെ പേരിലാണ് പണിമുടക്കാരംഭിച്ചത്. ഈ പണിമുടക്ക് ആരംഭിച്ചതിനുശേഷം തൊഴിൽ വകുപ്പു പല സന്ധി സംഭാഷണങ്ങളും നടത്തി. പക്ഷേ, അതിനൊന്നും തൊഴിലുടമ വഴങ്ങുന്നില്ല. ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ രണ്ടു മൂന്നു പ്രാവശ്യം സംഭാഷണം നടന്നു. ഇന്ന് ജോയിന്റ് ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ മറ്റൊരു സംഭാഷണം നടക്കുകയാണ്.

സർ, ഈ കോൺട്രാക്റ്റു സമ്പ്രദായമെന്നു പറയുന്നത് സത്യത്തിൽ കോൺട്രാക്റ്റു സമ്പ്രദായമല്ല. ഒരു മുപ്പൻ മുഖേന പണിയെടുപ്പിക്കുന്നതിനാണ് കോൺട്രാക്റ്റ് എന്ന് അവർ വ്യവഹരിക്കുന്നത്. അത് സാധാരണഗതിയിൽ കങ്കാണി സമ്പ്രദായം പോലെ ചെയ്യുന്നു എന്നുള്ളതിൽ കവിഞ്ഞ് ഒരു കോൺട്രാക്റ്റു സമ്പ്രദായമല്ല. പീസ് റേറ്റു സമ്പ്രദായമാണ്. അവിടെ എല്ലാ അവകാശങ്ങളും, തൊഴിൽ സ്ഥിരത ഉൾപ്പെടെയുള്ള എല്ലാ അവകാശങ്ങളും കൊടുക്കാവുന്നതേയുള്ളു. അത് ഇതുവരേയും ശരിയായി കൈകാര്യം ചെയ്യാത്തതുകൊണ്ട് സംഭവിച്ച ഒരു കുറവാണെന്നാണ് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഏതായാലും ജോയിന്റ് ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന അനുരഞ്ജന സംഭാഷണം വിജയിക്കുമെന്നാണ് ഗവൺമെന്റ് വിചാരിക്കുന്നത്. അടുത്തു തന്നെ അതിനു പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷ.

IV. റിപ്പോർട്ടു സമർപ്പണം

(i) കാര്യോപദേശക സമിതിയുടെ 12-ാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, കാര്യോപദേശക സമിതിയുടെ 12-ാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(ii) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 20-ാമതു റിപ്പോർട്ട്

ശ്രീ. എം. കെ. കൃഷ്ണൻ: പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 20-ാമതു റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly